## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4420

28 /06/2012 - ൽ
മറുപടിക്ക്

### റേഷൻകടകൾ വഴി ഭക്ഷ്യവസ്തുക്കളുടെ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.പി.സി.എഫ്.തോമസ്<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റ്റി.യു.കുരുവിള | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ റേഷൻകടകൾ വഴി പലപ്പോഴും ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്. കേന്ദ്രസർക്കാരിൽ നിന്നും പൊതു വിതരണത്തിനായി അനുവദിക്കുന്ന മണ്ണെണ്ണയുടെ അളവിൽ കുറവുവരുത്തുമ്പോഴാണ് റേഷൻ കടകൾ വഴി വിതരണത്തിനായി ആവശ്യത്തിന് മണ്ണെണ്ണ ലഭ്യമല്ലാതെ വരുന്നത്. 2010 മാർച്ച് മാസം വരെ പ്രതിമാസം 23164 കി.ലിറ്റർ മണ്ണെണ്ണയാണ് ലഭിച്ചു കൊണ്ടിരുന്നത്. പിന്നീട് പലപ്പോഴായി കേന്ദ്രം മണ്ണെണ്ണയുടെ വിഹിതത്തിൽ കുറവ് വരുത്തി. 2012 ഏപ്രിൽ മുതൽ പ്രതിമാസം 10016 കി.ലി. ആണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. മണ്ണെണ്ണ വെട്ടിക്കുറച്ച സന്ദർഭങ്ങളിലൊക്കെ വിഹിതം പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഏറ്റവും ഒടുവിലായി സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടൽ മൂലം 2012 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള ത്രൈമാസത്തേയ്ക്ക് 5004 കി.ലിറ്റർ മണ്ണെണ്ണ കൂടി അധികമായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. |
| ബി) റേഷൻ കടകൾ വഴി ഭക്ഷ്യ വസ്തുക്കൾ സുലഭമായി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) കേന്ദ്ര സർക്കാർ അലോട്ട് ചെയ്തു തരുന്ന അരി, ഗോതമ്പ് മുതലായ ഭക്ഷ്യ വസ്തുക്കൾ ആവശ്യകതയ്ക്കനുസരിച്ച്, ആനുപാതികമായി എല്ലാ റേഷൻ കടകളിലും എത്തിച്ച് വിതരണം ചെയ്തു വരുന്നു. സംസ്ഥാന സർക്കാരിന്റെ പുതുക്കിയ ബി.പി.എൽ. ലിസ്റ്റിലുള്ളവരടക്കം എല്ലാ എ.പി.എൽ/ബി.പി.എൽ. കുടുംബങ്ങൾക്കും പ്രതിമാസം 35 കിലോ വീതം ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് മതിയായ അളവിൽ ഭക്ഷ്യധാന്യ അലോട്ട്മെന്റ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സി) റേഷൻ കടകൾ പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാര പ്രദമാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ?

സി) പൊതു വിതരണ വകുപ്പിൽ സമഗ്രമായ കമ്പ്യൂട്ടർവൽക്കരണം നടത്തുക വഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കാനുള്ള നടപടികൾ ആലോചിച്ചു വരുന്നു. റേഷൻ സാധനങ്ങൾ മറിച്ചു വിൽക്കപ്പെടാനുള്ള സാദ്ധ്യതകൾ തീർത്തും ഒഴിവാക്കുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം നടപ്പാക്കുന്ന കാര്യവും പരിഗണനയിലാണ്. സർക്കാർ നൽകുന്ന റേഷൻ സബ്സിഡിയുടെ ഗുണഫലം യഥാർത്ഥ ഉപഭോക്താവിനുതന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സബ്സിഡി നേരിട്ട് ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതിയും പരിഗണിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ